## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 874 08.01.2014 ൽ മറുപടിയ്ക്ക്**

**കബനി, ഭവാനി, പാമ്പാർ നദികളിൽനിന്നുള്ള ജലസംഭരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ** | **ശ്രീ.പി.ജെ.ജോസഫ്**<br>**ബഹു.ജലവിഭവ വകുപ്പുമന്ത്രി** |
| (എ) കാവേരി ട്രൈബ്യൂണലിന്റെ അവാർഡ്പ്രകാരം കബനി, ഭവാനി, പാമ്പാർ ബേസിനുള്ളിൽനിന്നും കേരളത്തിനു ലഭിക്കേണ്ട ജലം പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലായെന്നത് സർക്കാരിന്റെ വീഴ്ചമൂലമാണെന്നത് പരിഗണിച്ചിട്ടുണ്ടോ; | (എ) കാവേരി ട്രൈബ്യൂണലിന്റെ വിധി പ്രകാരം കേരളത്തിന് അനുവദിച്ച 30 TMC ജലം പ്രയോജനപ്പെടുത്തുവാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ കബനി ബേസിനിൽ 21 TMC ജലമാണ് അനുവദിച്ചത്. പ്രസ്തുത ബേസിനിൽ കാരാപ്പുഴ പദ്ധതിയ്ക്ക് മാത്രമാണ് കേന്ദ്രാനുമതി ലഭിച്ചത്. പദ്ധതി പൂർണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കബനിബേസിനിലെ ബാണാസുരസാഗർ പദ്ധതിയിൽ നിന്നു 1.7 TMC ജലം ഉപയോഗിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>കബനി ബേസിനിലെ നൂൽപ്പുഴ,കടമ്മാൻതോട്, ചുണ്ടാലിപ്പുഴ, കല്ലംപതി, ചെഗാട്(Cheghat), തിരുനെല്ലി, തോണ്ടാർ, പെരിങ്ങോട്ടുപ്പുഴ എന്നീ പ്രോജക്റ്റുകളുടെ പര്യവേഷണം ഉപഗ്രഹ സംവിധാനത്തിന്റെ സഹായത്തോടെ പുരോഗമിച്ചു വരുന്നു. കൂടാതെ മാനന്തവാടി, പനമരം,ബാവേലിപ്പുഴ, നൂൽപ്പുഴ എന്നീ നദികളിൽ മിനി ഡാമുകളും, ആവശ്യമുള്ള Side protection നും നിർമ്മിച്ച് 2.5 TMC ജലം സംഭരിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ചും തീരുമാനം ആയിട്ടുണ്ട്. |

ഭവാനി ബേസിന് വേണ്ടി അനുവദിക്കപ്പെട്ട 6 TMC ജലം പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി അട്ടപ്പാടി വാലി ജലസേചന പദ്ധതിയ്ക്ക് സർക്കാർ തലത്തിൽ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഡാമിന്റെ വൃഷ്ടി പ്രദേശത്തിന്റെ ടോപ്പോഗ്രാഫിക്കൽ സർവ്വേയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും ആ പ്രവർത്തി ഏറ്റെടുത്ത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കാവേരി ട്രൈബ്യൂണൽ വിധി പ്രകാരം പാമ്പാർ ബേസിന് അനുവദിച്ച 3 TMC ജലം പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി പട്ടിശ്ശേരിയിൽ ഡാമിന്റെ പുനർനിർമ്മാണത്തിനും കനാൽ നിർമ്മാണത്തിനുമുള്ള പദ്ധതിയ്ക്കായി ഭരണാനുമതി നൽകുകയും സാങ്കേതികാനുമതിയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുകയുമാണ്. പാമ്പാർ ബേസിനിൽ അനുവദിച്ചിട്ടുള്ള ജലം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിലേക്കായി ഒറ്റമരം, അപ്പർ ചട്ടമുന്നാർ, ലോവർ ചട്ടമുന്നാർ, തലയാർ എന്നീ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച വിശദമായ പഠനം നടത്തി പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ശ്രമങ്ങളും നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.

**കാവേരി ട്രൈബ്യൂണൽ വിധി പ്രകാരം കേരള സംസ്ഥാനത്തിന് ലഭിക്കേണ്ടുന്ന ജലം പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.**

(ബി) പാമ്പാർ നദീജലം ശേഖരിക്കുന്നതിനായി പട്ടിശ്ശേരിയിൽ നിർമ്മിക്കുന്ന ഡാമിന്റെ പ്രവർത്തന പുരോഗതി ലഭ്യമാക്കുമോ;

(ബി) പാമ്പാർ നദീജലം ശേഖരിക്കുന്നതിനായി പട്ടിശ്ശേരി ഡാം നിർമ്മിക്കുന്നതിന് സർക്കാർ 26 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഭവാനി നദിയിൽനിന്നും ജലം സംഭരിക്കുന്നതിനായി അട്ടപ്പാടിയിൽ ഡാം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(സി) ഉണ്ട്. അട്ടപ്പാടി വാലി ജലസേചന പദ്ധതിയ്ക്ക് സർക്കാർ തലത്തിൽ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അട്ടപ്പാടി പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനത്തിന്റെ ഭാഗമായി നടക്കുന്ന സർവ്വേ ജോലികൾ പൂർത്തീകരിച്ച് പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. പാരിസ്ഥിതികാനുമതിക്കായിട്ടുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് എൻവിയോൺമെന്റ് ഇംപാക്ട് അസ്സസ്സ്മെന്റ് അതോറിറ്റിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

അട്ടപ്പാടി ഡാമിന്റെ പുതുക്കിയ രൂപകൽപ്പന തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ